**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5053** **04-07-2024 - ൽ മറുപടിയ്ക്ക്**

**ഗവൺമെന്റ്, എയ്‌ഡഡ് സ്കൂളുകളിലെ പി.ടി.എ. ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഗവൺമെന്റ്, എയ്‌ഡഡ് സ്കൂളുകളിൽ പി.ടി.എ. ഫണ്ട് പിരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | ഗവൺമെന്റ് എയ്‌ഡഡ് സ്കൂളുകളിൽ പി.ടി.എ. ഫണ്ട് സ്വീകരിക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദേശങ്ങൾ 25.06.2007 – ലെ സ.ഉ(സാധാ) നം.126/2007/ പൊ.വി.വ ഉത്തരവിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്. 07.04.2021 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ നം. എച്ച്1/6578/2020/ഡി.ജി.ഇ പ്രകാരം എല്ലാ വിധ നിർബന്ധിത പണപ്പിരിവുകളും വിലക്കിയിട്ടുണ്ട്. |
| (ബി) | അന്യായമായി പി.ടി.എ. ഫണ്ട് പിരിക്കുന്ന സ്കൂളുകൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | ഈ വിഷയത്തിൽ പരാതികൾ ലഭ്യമായ സ്കൂളുകളിൽ അന്വേഷണം നടത്തിയെങ്കിലും. രക്ഷകർത്താക്കൾ സ്കൂളിനായി തങ്ങളുടെ ഇഷ്ടപ്പെട്ട പ്രകാരം നൽകിയ തുകകളാണ് സ്വീകരിച്ചതെന്നും നിർബന്ധമായി പിരിച്ചിട്ടില്ല എന്നും കണ്ടെത്തുകയുണ്ടായി. നിർബന്ധിത പിരിവ് നടത്തുന്നതായി കണ്ടെത്തിയാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ